## (73). പ്രക്കാനം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

നാനൂറോളം വർഷങ്ങൾക്കു മുൻപ് ഇവിടെ നിലക്കൽ, കടമ്പനാട്, തുമ്പമൺ, പ്രദേശങ്ങളിൽനിന്നു കുടിയേറിയ കളീക്കൽ കുടുംബം ആണ് ഇവിടുത്തെ ആദ്യ ക്രൈസ്തവകുടുംബം. മുന്നൂറ്റൻപതോളം വർഷങ്ങൾക്കു മുൻപ് ഇവിടെ കൊട്ടാരക്കര നിന്ന് കൊല്ലന്റേത്ത് കുടുംബം ഇവിടെ താമസമാക്കി. നൂറ്റമ്പതോളം വർഷങ്ങൾക്കു മുൻപ് അയിരുക്കുഴി കുടുംബം ഇവിടെ താമസത്തിനെത്തി. ക്രമേണ മറ്റ് പ്രദേശങ്ങളിൽ നിന്ന് പലരും ഈ സ്ഥലത്തേക്ക് താമസത്തിനെത്തി.

പ്രക്കാനത്തെ ക്രൈസ്തവർ ആദ്യകാലങ്ങളിൽ ആരാധന നടത്തിയിരുന്നത് ഓമല്ലൂർ വലിയപള്ളിയിൽ ആയിരുന്നു. കൊല്ലവർഷം 1080 അന്ത്യോക്യയിൽ നിന്നുള്ള അബ്ദുൾ മിശിഹ പാത്രിക്കീസ് തറക്കല്ലിട്ട മാണിക്കത്തറ പള്ളിയാണ്-പ്രക്കാനം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി. പ്രക്കാനത്തെ ആദ്യ ക്രൈസ്തവ ദേവാലയം.

ക്രിസ്തുവർഷം 1950 കാലത്ത് പ്രക്കാനം പടിഞ്ഞാറേമല, കിഴക്കേമല, വടക്കേമല, എന്നിവിടങ്ങളിൽ വായനായോഗങ്ങൾ, ബാലജനസഖ്യങ്ങൾ, സൺഡേസ്കൂളുകൾ, വൈ.എം.സി.എ എന്നിവ പ്രവർത്തിച്ചിരുന്നു ഇവ സംയുക്തമായി റാലികൾ, മീറ്റിംഗുകൾ തുടങ്ങിയവ നടത്തിയിരുന്നു.

വല്ല്യത്തുമണ്ണിൽ പറമ്പിൽ നടത്തറുണ്ടായിരുന്ന നടത്താറുണ്ടായിരുന്ന കൺവെൻഷൻ ക്രമേണ കൊച്ചിടയാടിയിൽ പറമ്പിലേക്ക് മാറ്റപ്പെട്ടു. വല്ല്യത്തുമണ്ണിൽ പറമ്പിൽ ഹൈന്ദവ കൺവെൻഷൻ ആരംഭിച്ചു. ഇവിടെ ആരോഗ്യപരമായ ക്രൈസ്തവ ഹൈന്ദവ സഹകരണം നിലനിന്നിരുന്നു. ഇക്കാലത്ത് ഓവിൽ സ്കറിയയുടെ കടയിൽ വെച്ച് സൺഡേസ്കൂളും കൊച്ചിടയാടിയിൽ വെച്ച് വൈ.എം.സി.എയും നടത്തിയിരുന്നു. പുതിയത്ത് സി.ജെ.ജോർജ്ജ്, തുണ്ടിയത്ത് കൊച്ചുമ്മൻ, പുതിയത്ത് ജോൺ എന്നിവർ സജീവ പ്രവർത്തകർ ആയിരുന്നു. തുണ്ടിയത്ത് റ്റി.എം.വറുഗീസ് വൈ.എം.സി.എ. പ്രസിഡന്റ് ആയിരുന്നു.

ഈ പ്രദേശത്ത് ഒരു ആരാധനാലയം വേണമെന്ന ആശയം ഉണ്ടായി. ഈ ആശയം വൈ.എം.സി.എ. തള്ളി. തുടർന്ന് ഏതാനം പേർ സംഘടിച്ച് കുറ്റിയിൽ സൈമൺ സാറിന്റെ വീട്ടിൽ വെച്ച് ഒരു നിവേദനം തയാറാക്കി, 55 പേർ ഒപ്പിട്ട് തിരുവനന്തപുരം ആർച്ച്ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവിനു നൽകുന്നതിന് ശ്രീ. റ്റി.എം.വറുഗീസിനെ ചുമതലപ്പെടുത്തി. പിതാവ് ആ സമയത്തു അമേരിക്കയിൽ ആയിരുന്നതിനാൽ പ്രസ്തുത നിവേദനം ഫിലിപ്പ് പന്തോളിൽ അച്ചന്റെ സാന്നിധ്യത്തിൽ മലങ്കര വികാർ ജനറാൾ സി.റ്റി. കുരുവിള അച്ചന്റെ പക്കൽ സമർപ്പിച്ചു. മാർ ഗ്രീഗോറിയോസ് പിതാവ് തിരിച്ചെത്തിയശേഷം നിവേദനം പരിഗണിച്ച് സ്ഥലം വാങ്ങുന്നതിന് ശ്രീ.റ്റി.എം.വറുഗീസിനെ ചുമതലപ്പെടുത്തി. അദ്ദേഹം ശ്രീ. ശങ്കരമംഗലം പാലക്കാകുഴിയിൽ കൊച്ചുപിള്ള, പാണ്ടിപ്പുറത്ത് കുട്ടൻപിള്ള എന്നിവരുടെ സഹായത്തോടെ നെല്ലിക്കുന്നിൽ നാരായണപിള്ളയിൽ നിന്നു ഇപ്പോൾ ചാപ്പൽ നിൽക്കുന്ന തുണ്ടു മുതൽ മുകളിലേക്കുള്ള 75 സെന്റ് സ്ഥലം തിരുവനന്തപുരം ആർച്ച് ബിഷപ്പിനുവേണ്ടി വാങ്ങി.

1956ലെ കൊച്ചിടയാടിയിൽ കൺവൺഷനെ തുടർന്നുള്ള ദിവസങ്ങളിൽ ഈ പുരയിടത്തിൽ മലങ്കര കത്തോലിക്കാ കൺവെൻഷൻ നടത്തി. കത്തോലിക്കാ വിശ്വാസത്തിനെതിരെ കൊച്ചിടയാടിയിൽ കൺവെൻഷനിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് ഫാ.വടക്കൻ ഉചിതമയ മറുപടി നൽകി. കൺവൺഷന്റെ അവസാനം 1956 ജനുവരി 16ന് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവ് എട്ട് കുടുംബങ്ങളെ പുനരൈക്യപ്പെടുത്തി. വിശ്വാസികൾ മാത്രുഭക്തരായതിനാൽ ഈ പുരയിടത്തിന് മേരിഗിരി എന്നു പേരിട്ടു. അതിൽ ഒരു ഓലഷെഡ് നിർമ്മിച്ചു. കർഷകകൂടിയേറ്റ പ്രദേശമായതിനാലും തലേദിവസം - ജനുവരി 15 വിത്തുകളുടെ മാതാവിന്റെ തിരുനാൾ ആയിരുന്നതിനാലും ജനുവരി 16ന് പരിശുദ്ധ മാതാവിന്റെ നാമത്തിൽ ഒരു ഇടവക രൂപീകരിച്ചു ഒന്നിടവിട്ടുള്ള ആഴ്ചകളിൽ വി.കുർബാന അർപ്പിച്ചുവന്നു. തുടർന്നുള്ള ആഴ്ചകളിൽ

ഏതാനം പേർ കൂടി ഇടവകാംഗങ്ങളായി. ഇവരിൽ റ്റി.എം.വറുഗീസ് തുണ്ടിയത്ത്, ജോർജ്ജ് മേപ്രത്ത്, ഉമ്മൻ മത്തായി മേപ്രത്ത്, സ്കറിയ വർഗ്ഗീസ് കാവുങ്കൽ, ദാനിയേൽ കല്ലിൽ, ദാനിയേൽ കല്ലുംകൂട്ടത്തിൽ, ററി.എം.ഫിലിപ്പ് തുണ്ടിയത്ത്, കോശി തോമസ് പറമ്പിൽ, തോമസ് വർഗീസ് കുഴിമുറിയിൽ, ഉമ്മൻ തോമസ് താന്നിനിൽകുന്നതിൽ, കെ.ജി.ഉണ്ണൂണ്ണി കുഴിമുറിയിൽ, യോഹന്നാൻ കോശി ഇടത്തിൽ, ജോസഫ് കോരത് കുരുവിള കൊച്ചിടയാടിയിൽ എന്നിവരുടെ പിൻതുടർച്ചക്കാർ ഇപ്പോൾ ഇടവകാംഗങ്ങൾ ആണ്.

പിന്നീട് ചാപ്പലിനു താഴെ റോഡ് വരെയുള്ള സെന്റ് സ്ഥലം ചുടുകാട്ടിൽ രാഘവൻപിള്ളയിൽനിന്നു വാങ്ങി. പള്ളി പണിയുന്നതിനായി മണൽ ഇറക്കി. ആരാധന നടത്തിയിരുന്ന ഷെഡ് 1959 ൽ നിലംപൊത്തി. കുറേക്കാലം ചേകോട്ടു (കുറ്റിയിൽ) സൈമൺ സാറിന്റെ ഭവനത്തിൽ ആരാധന നടത്തി.

1964ൽ ഇപ്പോൾ പാരിഷ് ഹാളായി ഉപയോഗിക്കുന്ന കെട്ടിടം നിർമ്മിച്ച് പള്ളിയായി ഉപയോഗിച്ചു. സഭാംഗങ്ങളായിരുന്ന ചേകോട്ടു (കുറ്റിയിൽ) സൈമൺ തിരുവനന്തപുരത്തേക്കും, പൂല്ലാമല പുത്തവീട്ടിൽ ജോർജ്ജ് ഏബ്രഹാം തോന്ന്യാമലയിലേക്കും താമസം മാറിപോയി. തുടർന്ന്, ജോസഫ് കൊച്ചിടയാടിയിൽ, തോമ്മാ പിലിപ്പോസ് പീടികയിൽ, തോമസ് ശമുവേൽ ഉണ്ടാണ്ടിയേത്, ജോർജ്ജ് പനാറ, ശമുവേൽ ചരിവുകാലായിൽ, ജേക്കബ് ചേലനിൽക്കുന്നതിൽ, ജോസഫ് പൌവ്വക്കര, ഗീവർഗീസ് ഇടുക്കുള മുട്ടാണിൽ, വർക്കി ഏബ്രഹാം കാവുംകൽ, തോമസ് സി.റ്റി. ചാമക്കലായിൽ, അച്ചൻകുഞ്ഞ് സി.എം. കല്ലുംകൂട്ടത്തിൽ, ജോർജ്ജ് വർഗീസ് വല്യത്ത്, രാജൻ വി. ജി. വല്യത്ത്, ബാബു തറയിൽ ശമുവേൽ മരോട്ടുങ്കൽ, ഉണ്ണുണ്ണി ആലുനിൽക്കുന്നതിൽ, യോഹന്നാൻ ഈട്ടിനില്ക്കുന്നതിൽ, ജോയി നെല്ലിക്കുന്നുമുരുപ്പേൽ, ദാനിയേൽ ഇട്ടിനില്ക്കുന്നതിൽ, അച്ചൻകുഞ്ഞ് എം.ഡേവിഡ് മുകളുവിളയിൽ, അച്ചൻകുഞ്ഞ് കൂരിശിങ്കൽ, ഫ്രാൻസിസ് കുഴിപ്പിളില്, എന്നിവരുടെ വീട്ടുകാർ ഇടവകയിൽ ചേർന്നു.

1987, 1988 വർഷങ്ങളിൽ റവ. ഫാ. കോശി ചക്കാലമണ്ണിൽ വികാരിയും, ശ്രീ. ജോർജ്ജ് മേപ്രത്ത് ട്രസ്റ്റിയും, ശ്രീ.കെ.ജി.ഉണ്ണൂണ്ണി സെക്രട്ടറിയും, ആയിരിക്കുമ്പോൾ കൂരിശ്ശൂടി നിർമ്മാണം, ടോയിലറ്റ് നിർമ്മാണം, പള്ളിപ്പറമ്പിൽ റബ്ബർ നടീൽ എന്നീ പ്രവർത്തനങ്ങൾ ആരംഭിച്ചു. കുരിശ്ശടിയിലേക്കുള്ള മാതാവിന്റെ സ്റ്റാച്ചു ശ്രീ. ജോർജ്ജ് മേപ്രത്ത് സംഭാവന ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾക്കു ശ്രീ. ജോസഫ് പൌവ്വക്കരയും മേൽത്തരം റബ്ബർ തൈ കൊണ്ടുവന്ന് നടുന്നതിന് ശ്രീ. ജോർജ്ജ് മേപ്രത്തും മുൻകൈയ്യേടുത്ത് പ്രവർത്തിച്ചു. ട്രസ്റ്റി സ്ഥാനം വഹിച്ചു കൊണ്ടിരിക്കെ 1589 ജൂൺ 5ന് ശ്രീ. ജോർജ്ജ് മേപ്രത്ത് മരണമടഞ്ഞു.

1992ൽ റവ. ഫാ. ജോൺ കുറ്റിയിൽ വികാരി ആയിരിക്കുമ്പോൾ ആരംഭിച്ച പള്ളിപണി പൂർത്തിയാക്കി കൂദാശ ചെയ്തത് 1994 ഒക്ടോബർ 22ന് റവ. ഫാ. മാത്യു കാലായിൽ വികാരി ആയിരിക്കുമ്പോൾ തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ലോറൻസ് മാർ അപ്രേം പിതാവാണ്.

1992 ലെ ദേവാലയ പുനരുദ്ധാരണത്തിന് ശേഷം 2011ൽ വികാരിയായ വർഗീസ് കൈതോൺ അച്ചന്റെ നേതൃത്വത്തിൽ ഇപ്പോൾ നിലവിൽ ഉള്ള ദേവാലയം പണികഴിപ്പിച്ചത്. 2021ൽ അന്നത്തെ രൂപതാധ്യക്ഷൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് തറക്കല്ല് ഇടുകയും 2012 ഓഗസ്റ്റ് 15ന് ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിനോടനുബന്ധിച്ച് കൂദാശ ചെയ്യുകയും ചെയ്തു.

2020 ആഗസ്റ്റ് മാസം ഫാ.വർഗീസ് കുത്തിനേത്ത് വികാരിയായി ചുമതലയേറ്റു. പള്ളി നവീകരിച്ച് മതിൽ നിർമ്മാണം പൂർത്തീകരിച്ച് 2021 ജനുവരിയിൽ ബഹു.ഡാനിയേൽ കല്ലിൽ ഒ.ഐ.സി. യുടെ പട്ടംകൊടയുടെ ഭാഗമായി പ്രഥമബലിയർപ്പണം നടത്തുകയുണ്ടായി. ഈ കാലയളവിൽ ബഹു.ജിതിൻ തടത്തിൽ അച്ചനും ബഹു. ജോയേൽ പൗവ്വത്ത് അച്ചനും സഹവികാരിമാരായി ശുശ്രൂഷ ചെയ്യുന്നു.

**ഇടവകയിൽ സേവനം ചെയ്ത വികാരിമാർ**

1. റവ.ഫാ.തോമസ് ആമ്പശ്ശേരിൽ

2. റവ.ഫാ.മാത്യു തേക്കുംകാട്ടിൽ 1956 - 1959

3. റവ.ഫാ. ഏബ്രഹാം തെക്കേടത്ത് 1959 - 1963

4. റവ.ഫാ.ജോസഫ് വാഴപ്പിള്ളേത്ത് 1963 - 1965

5. റവ.ഫാ.ജോൺ പുത്തൻവിളയിൽ 1965 - 1969

6. റവ.ഫാ.തോമസ് പൊന്മേലിൽ

7. റവ.ഫാ.തോമസ് പ്ലാവിള

8. റവ.ഫാ.ജേക്കബ് ജോൺ 1969 - 1975

9. റവ.ഫാ.കുര്യൻ വാലുപറമ്പിൽ

10. റവ.ഫാ.ജോൺ കോന്നിയൂർ

11. റവ.ഫാ.ജോർജ്ജ് പുറത്തൂട്ട് 1975 - 1981

12. റവ.ഫാ.അഗസ്റ്റിൻ മംഗലത്ത്

13. റവ.ഫാ.ബോബൻ കൊച്ചുവിള

14. റവ.ഫാ.കോശി ചക്കാലമണ്ണിൽ

15. റവ.ഫാ.മാത്യു സഖറിയ

16. റവ.ഫാ.ജോൺ കുറ്റിയിൽ

17. റവ.ഫാ.മാത്യു കാലായിൽ

18. റവ.ഫാ.ജോസഫ് കുരുമ്പിലേത്ത്

19. റവ.ഫാ.മാത്യു ആലുമ്മൂട്ടിൽ

20. റവ.ഫാ.തോമസ് എഴിയത്ത്

21. റവ.ഫാ.സഖറിയ പുഷ്പമംഗലം

22. റവ.ഫാ.ജോഷ്വാ പീടികയിൽ 2005 - 2008

23. റവ.ഫാ.ജോൺ ചെന്നേലിൽ

24. റവ.ഫാ.ലൂക്കോസ് കന്നിമേല്

25. റവ.ഫാ.സെബാസ്റ്റ്യൻ ചരുവിള

26. റവ.ഫാ.തോമസ് പൊറ്റപുരയിടം

27. റവ.ഫാ.ജോസഫ് കളവിള

28. റവ.ഫാ.വർഗ്ഗീസ് സാമുവേൽ

29. റവ.ഫാ.വർഗീസ് കൈതോൺ

30. റവ.ഫാ.ബെന്നി നാരകത്തിനാൽ

31. റവ.ഫാ.ജോഷ്വാ മാവേലിൽ

32. റവ.ഫാ.ജോബ് പതാലിൽ 2016

33. റവ.ഫാ.പോൾ നിലക്കൽ തെക്കേതിൽ 2017

34. റവ.ഫാ.ജോൺ അച്യുതപ്പറമ്പിൽ 2018

35. റവ.ഫാ.മാത്യു കൊല്ലറക്കുഴി 2019

36. റവ.ഫാ.ജോസഫ് എരുത്തിവിളയിൽ

37. റവ.ഫാ.വർഗീസ് കുത്തനേത്ത് 2020

38. റവ.ഫാ.ജിതിൻ തടത്തിൽ

39. റവ.ഫാ.ജോയൽ പൗവ്വത്ത്

**ഇടവകയിലെ സമർപ്പിതർ**

1. റവ.ഫാ.വർഗീസ് ഇടത്തിൽ

2. റവ.ഫാ.കുര്യൻ കുഴിമുറിയിൽ

3. റവ.ഫാ.ജോൺ തുണ്ടിയത്ത് OIC

4. റവ.ഫാ.ആന്റണി കല്ലിൽ OIC

5. റവ.ഫാ.മൈക്കിൾ ഇടത്തിൽ

6. റവ. ഫാ.ഡാനിയേൽ കല്ലിൽ OIC

7. സിസ്റ്റർ ജ്യോതി തുണ്ടിയത്ത് SIC

8. സിസ്റ്റർ ജോസ്‌ലിൻ ഇടത്തിൽ SIC